കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി3-1323/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

ഫോൺ : 0477 2252753
e-mail : ddhglfalpy@gmail.com
തീയതി, 07.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി3-1323/2017 തീയതി, 07.11.2017

# ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2016 മുതൽ 30 .09.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 09.10.2017മുതൽ<br>19.10.2017 വരെ | ശ്രീമതി. വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രശോഭൻ. കെ. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജാക്വലിൻ. പി. ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ശ്രീദേവി. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. അമ്മിണി.ബി | 01.04.2016 മുതൽ 31.03.2017 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. എ. ആമിനാ ബീവി | 01.04.2016 മുതൽ 29.09.2016വരെ |
| 2 | ശ്രീ. എം. മണിക്കുട്ടൻ, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | 30.09.2016 മുതൽ 11.01.2017 വരെ |
| 3 | ജെ.എസ്. സന്തോഷ് കുമാർ | 12.01.2017 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. ഹാരിസ്.ഒ | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ഓമന | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. സുധിലാൽ | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി. മൈമൂനത്ത് | 01.04.2016 മുതൽ 31.03.2017 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ബിജി ജോയ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.അർച്ചന ഉദയൻ | 01.04.2016 മുതൽ 23.06.2016 വരെ |
| | ഡോ. വാണി ജയരാജ് | 24.06.2016 മുതൽ 17.08.2016 വരെ |
| | ഡോ. ശ്രീകല.കെ.ആർ | 17.08.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. അനിത വർഗ്ഗീസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ലക്ഷ്മിപ്രിയ | 01.04.2016 മുതൽ 19.01.2017 വരെ |
| | ഡോ. മനു. എ.കെ | 19.01.2017 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ. ബിനിൽ.ബി.ചന്ദ്രൻ | 01.04.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വിജയശ്രീ.എം | 01.04.2016 മുതൽ 30.09.2016 വരെ |
| | ശ്രീമതി. റോസ് ലിൻ | 01.10.2016 മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സബിത. എസ് | 01.04.2016 മുതൽ 21.08.2016വരെ |
| | ശ്രീ. രാജൻ.സി | 22.08.2016 മുതൽ 08.09.2016 വരെ<br>01.10.2016 മുതൽ 19.10.2016 വരെ |
| | ശ്രീമതി . സീന ജെറോം | 08.09.2016 മുതൽ 31.09.2016 വരെ |
| | ശ്രീ.കെ.ഷാജിലാൽ | 20.10.2016 മുതൽ 31.03.2017 വരെ |
| എച്ച്.എം. ഗവ.എൽ.പി.എസ് | ശ്രീമതി. ശ്രീദേവി.എം.എം | 01.04.2016 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. ഹാഷിദ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ.അബ്ദുൾ അഫാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. അപ്പൻ.വി.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എം.മണിക്കുട്ടൻ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാഎൻട്രി ചെയ്തില്ല |
| 3 | 2-2 | കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി |
| 4 | 2-3 | തൊഴിൽ നികുതി,സ്ഥാപന നികുതി, ഡി& ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയതിലെ അപാകതകൾ |
| 5 | 2-4 | മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 6 | 2-5 | പൊതു മരാമത്ത് പ്രവൃത്തികൾ - നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല |
| ഭാഗം 3 | | |
| 7 | 3-1 | വെള്ളക്കരം ഒടുക്കുന്നില്ല-കുടിശ്ശിക 1.74 കോടി രൂപ |
| 8 | 3-2 | ഫെസ്റ്റിവൽ അഡ്വാൻസ് - തിരികെ ഒടുക്കിയിട്ടില്ല. |
| 9 | 3-3 | ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിനും, അത് സൂക്ഷിക്കുവാൻ അലമാരയും (പ്രോജക്ട് നം.S182/17)-അഡ്വാൻസ് നൽകിയെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചില്ല. |
| 10 | 3-4 | വി. ഇ. ഒ. നടപ്പാക്കിയ പ്രോജക്ടുകൾ -അധിക തുക നിർവ്വഹണ ഏജൻസിക്ക നൽകി |
| 11 | 3-5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചിട്ടില്ല |
| 12 | 3-6 | പൊതു മരാമത്ത് പ്രവൃത്തികൾ - ആവിഷ്കരിച്ച പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വീഴ്ച |
| 13 | 3-7 | ആവശ്യമായ രേഖകളില്ലാതെ ആനുകൂല്യം നൽകി |
| 14 | 3-8 | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല |
| 15 | 3-9 | ആയുർവ്വേദ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല |
| 16 | 3-10 | ഫിഷറീസ് ആശുപത്രിക്ക് മരുന്നവാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല |
| 17 | 3-11 | കുഴൽ കിണർ നിർമ്മാണം - വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| 18 | 3-12 | അഗതി-ആശ്രയ ഭവനനിർമ്മാണം |
| 19 | 3-13 | ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -മാർഗ്ഗനിർദ്ദേശങ്ങളുമായി പൊരുത്തപ്പെടുന്നില്ല |
| 20 | 3-14 | ഘടകസ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം - മണ്ണ് പരിശോധനയ്ക്ക് ശേഷം പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| ഭാഗം 4 | | |
| 21 | 4-1മുതൽ 4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 22 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 1261168360 | 123887850 |
| വാർഷിക കണക്ക് പ്രകാരം (റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട് പ്രകാരം) | 49260246 | 41026663 |

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഖണ്ഡിക 4-1-ൽ പരാമർശിച്ചിട്ടുണ്ട്.

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 15043922 | 13623364 | 90.56 |
| വികസനഫണ്ട് എസ്.സി.പി | 2272494 | 1379050 | 60.68 |
| വികസനഫണ്ട് റ്റി.എസ്.പി | | | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2973204 | 665974 | 22.40 |

| | | | |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 4022637 | 2973664 | 73.92 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8436453 | 4032145 | 47.79 |
| പെർഫോമൻസ് ഗ്രാന്റ് | 5736150 | 233616 | 4.07 |
| ബിഫണ്ട് | 24305020 | 24305020 | 100 |
| എം.എൻ.ആർ.ഇ.ജി.എസ് | 110435677<br>(മുന്നിരിപ്പ് 26677 രൂപ ഉൾപ്പെടെ) | 110432218 | 99.99<br>(നീക്കിയിരിപ്പ് 136218 രൂപ ഉൾപ്പെടെ) |

പെർഫോമൻസ് ഗ്രാന്റ് തൻവർഷം ലഭിച്ച അലോട്ട്മെന്റിന്റെ 4.07 ശതമാനം മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ലഭിക്കുന്ന ഗ്രാന്റ് തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 67373196 | 72 | 27994023 | 15 | 83 | 42.35 |

1-5 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെ പറയും പ്രകാരം 58.85 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 1734307 | 2881615 | 1147308 | 66.15 |
| നികുതിയേതര വരവുകൾ | 273007 | 224735 | (-)48272 | (-)17.68 |
| മറ്റ് വരവുകൾ | 92349 | 229027 | 136678 | 148 |
| ആകെ | 2099663 | 3335377 | 1235714 | 58.85 |

1-6ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 770400 | 402 |
| കർഷകതൊഴിലാളി പെൻഷൻ | 993760 | 111 |
| വിധവാ പെൻഷൻ | 8283495 | 755 |
| വാർദ്ധക്യകാല പെൻഷൻ | 9929855 | 1877 |
| വികലാംഗ പെൻഷൻ | 3571930 | 382 |
| അവിവാഹിത പെൻഷൻ | 455580 | 46 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 300000 | 10 |

തൻവർഷം 3583 ഗുണഭോക്താക്കൾക്കായി ആകെ 24305020 രൂപ ബി ഫണ്ടിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5358 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ എല്ലാ കെട്ടിടങ്ങളുടേയും ഡേറ്റാ എൻട്രി നടത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ ഫ്രണ്ട് ഓഫീസുമായി ബന്ധിപ്പിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ

സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.08.2017 | 7/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.04.2007 | 1998-99 മുതൽ 2006-07 വരെ | 18.07.2007 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാഎൻട്രി ചെയ്തില്ല

വസ്തു നികുതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ നികുതി അസ്സസ് ചെയ്ത് നമ്പർ നൽകിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഈ കെട്ടിടങ്ങളുടെ നികുതി അസ്സസ്മെന്റിന്റെ ഡേറ്റാ എൻട്രി ചെയ്തിട്ടില്ല. ഈ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി ചെയ്തില്ലെങ്കിൽ തുടർന്നുള്ള വർഷങ്ങളിൽ നികുതിദായകൻ നികുതി അടയ്ക്കാത്തപക്ഷം നികുതി ഡിമാന്റ് ചെയ്യാൻ സാധിക്കുകയില്ല. അതിനാൽ നികുതി അസ്സസ് ചെയ്ത് നമ്പർ നൽകുമ്പോൾത്തന്നെ അസ്സസ്ചെയ്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയയിലേക്ക് ചേർക്കേണ്ടതാണ്.

| കെട്ടിടനമ്പർ | ഉടമസ്ഥൻ | തറവിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 3/87A | ഷാജി താഴയിൽ | 146.31$m^2$ | പാർപ്പിടാവശ്യം |
| 5/313A | സുരേഷ് ലതാഭവനം | 143.34$m^2$ | പാർപ്പിടാവശ്യം |
| 14/469A | നാസറുദ്ദീൻ ഉണ്ടിൽ | 92.48$m^2$ | പാർപ്പിടാവശ്യം |
| 14/486A | മിഥിലാജ് വാലപ്പള്ളി | 79.97$m^2$ | പാർപ്പിടാവശ്യം |

| | | | |
|---|---|---|---|
| | | | |

## 2-2 കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 5/205 നമ്പരായ 61 ച.മീ തറവിസ്തീർണ്ണം ഉള്ള വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ വസ്തുനികുതി ഒഴിവാക്കി നൽകിയതായി കാണുന്നു.

കെട്ടിടത്തിന്റെ ഉടമസ്ഥത, ഉപയോഗക്രമം എന്നിവ സംബന്ധിച്ചും നിലവിലെ പ്രവർത്തനം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15) ഈ കെട്ടിടം നിലവിൽ ഓഫീസ് ആവശ്യത്തിനായി പ്രവർത്തനമുണ്ട് എന്ന മറുപടിയാണ് ഹാജരാക്കിയത്. അതിനാൽ കെട്ടിടത്തിന്റെ നികുതി നിലവിലെ തറവിസ്തീർണ്ണത്തിനനുപാതമായി പുനർനിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്വെയറിൽ ചേർത്ത് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി, സ്ഥാപന നികുതി, ഡി& ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയതിലെ അപാകതകൾ

(എ) തൊഴിൽ നികുതി സംബന്ധിച്ച അർദ്ധവാർഷിക പത്രികകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | SCB.No.1689,വലിയപറമ്പ് | 1&2 |
| 2 | കൊശമറ്റം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | 1&2 |
| 3 | രാജേഷ് ഫിനാൻസിയേഴ്സ് | 2 |
| 4 | യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് | 1&2 |

മേൽ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന

നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനം | അർദ്ധവർഷം | |
|---|---|---|---|
| | | I | II |
| 1 | SCB, 1689 വലിയപറമ്പ് | 1250 | 1250 |
| 2 | കൊശമറ്റം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | 1250 | 1250 |
| 3 | രാജേഷ് ഫിനാൻസിയേഴ്സ് | അടച്ചിട്ടുണ്ട്. രസീത് നം/തീയതി 11604101938/ 30.09.16 | 1250 |
| 4 | യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് | 1250 | 1250 |
| | ആകെ | 3750 | 5000 |

മേൽ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

(സി) ഡി& ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അമ്പാടി ഫ്യുവൽസ് എന്ന സ്ഥാപനത്തിന് നാളിതുവരെ ലൈസൻസ് നൽകിയിട്ടില്ല എന്ന് കണ്ടു. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്നിരിക്കെയാണ് ഗ്രാമപഞ്ചായത്ത് ഓഫീസിനു സമീപം വർഷങ്ങളായി പെട്രോൾ പമ്പ് പ്രവർത്തനം നടത്തുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.(നം.14/17.10.17) ടി സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുകയോ അല്ലാത്തപക്ഷം ചട്ടലംഘനത്തിന് സെക്ഷൻ 255 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2-4 മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദാംശങ്ങളും, വസ്തുനികുതി ഈടാക്കിയതിന്റെ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (19.10.2017) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ സമീപം റോഡിന്റെ ഇരുവശങ്ങളിലും മൊബൈൽടവറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ടവറുകളുടെ എണ്ണം കണക്കാക്കി മറ്റ് വിശദാംശങ്ങൾ പരിശോധിച്ച് വസ്തുനികുതി $1m^2$ തറവിസ്തീർണ്ണത്തിന് 500/- രൂപ നിരക്കിൽ ഈടാക്കേണ്ടതാണ്.

## 2-5 പൊതു മരാമത്ത് പ്രവൃത്തികൾ - നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം – 25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ നിർദ്ദിഷ്ട

സമയപരിധിക്കുള്ളിൽ (അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ള സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി)കരാർ ചമയ്ക്കാതിരുന്നിട്ടും അവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | എഗ്രീഡ് പി.എ.സി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | വാർഡ് 7-ൽ കൊണ്ടശ്ശേരി ഓട രണ്ടാം ഘട്ട നിർമ്മാണം S0046/17<br>ഷെരീഫ് | 30.07.2016 | 22.10.2016 | 179596 | 1796 |
| 2 | വാർഡ് 10-ലെ വിവിധ നടവഴികൾ കോൺക്രീറ്റിംഗ് S0045/17 | 30.07.2016 | 01.10.2016 | 238826 | 2388 |
| | ആകെ | | | | 4184 |

മേൽ വിഷയം സംബന്ധിച്ച് 12.10.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 4- ന് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ടെൻഡർ അംഗീകാരം ലഭിച്ചത് 19.07.16-ലാണെന്നും തുടർന്നുള്ള കാലയളവിൽ കരുവാറ്റ/കുമാരപുരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അഡീഷണൽ ചാർജ്ജ് ആയിരുന്നുവെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. പിഴ ഈടാക്കാതിരുന്നതിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെള്ളക്കരം ഒടുക്കുന്നില്ല-കുടിശ്ശിക 1.74 കോടി രൂപ

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരത്തിന്റെ ഫയൽ പരിശോധിച്ചതിൽ വർഷങ്ങളായി പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നില്ല എന്ന് കാണുന്നു. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 651 പൊതു ടാപ്പുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഗ്രാമപഞ്ചായത്ത് ഗാർഹിക വാട്ടർ കണക്ഷൻ നൽകിയിട്ടുള്ള തിനാൽ പൊതുടാപ്പുകൾ പലതും ഉപയോഗശൂന്യമാണ്. വാട്ടർ അതോറിറ്റിയുടെ സഹായത്തോടെയുള്ള സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ലാത്തതിനാൽ ടാപ്പുകളുടെ എണ്ണവും അവസ്ഥയും തിട്ടപ്പെടുത്തിയിട്ടില്ല (സ.ഉ.(സാധാരണ) നം.1275/2009/തസ്വഭവ, തീയതി.30.05.2009). വെള്ളക്കരമിനത്തിൽ നിലവിലെ കുടിശ്ശിക 1,74,21,502/-രൂപയാണ്. ഈ തുകയ്ക്ക് പ്രതിമാസം 2% നിരക്കിൽ പിഴപ്പലിശയും വാട്ടർ അതോറിറ്റി ചുമത്തുന്നുണ്ട്. യഥാസമയം ബിൽ തുക ഒടുക്കാത്തതുമൂലം പിഴപ്പലിശയിനത്തിൽ പഞ്ചായത്തിന് വലിയ ബാദ്ധ്യതയാണ് ഉണ്ടാകുന്നത്.

01/10/2017 ലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | പ്രാരംഭ കുടിശ്ശിക | പിഴപലിശ | തൻമാസ കരം | മാസാന്ത്യ കുടിശ്ശിക |
|---|---|---|---|---|
| 10/2017 | 16806910 | 329779 | 284813 | 17421502 |

ഇപ്രകാരം പ്രതിമാസ കരം യഥാസമയം ഒടുക്കാത്തതിന് വിശദീകരണവും ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/19.10.17) മറുപടി ലഭിച്ചില്ല. തനത് ഫണ്ട് അക്കൌണ്ടിൽ 64,64,469/-രൂപ (31.03.17)നീക്കിയിരിപ്പ് ഉണ്ടായിരുന്നിട്ടും വെള്ളക്കരമൊടുക്കുന്നതിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാർഡ് തലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കേണ്ടതും അവയുടെ മാത്രം വെള്ളക്കരം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭീമമായ കുടിശ്ശിക തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും പൊതു ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിയിൽ ഒടുക്കാത്തതുമൂലം പിഴപ്പലിശയിനത്തിൽ ഉണ്ടാകുന്ന ബാദ്ധ്യത ഒഴിവാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 3-2 ഫെസ്റ്റിവൽ അഡ്വാൻസ് - തിരികെ ഒടുക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 9,000/- രൂപ തിരികെ ഈടാക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| വർഷം | തുക | കൈപ്പറ്റിയ വ്യക്തി | വൗച്ചർ നം./തീയതി |
|---|---|---|---|
| 2016-17 | 9,000/- | ശ്രീമതി.ആമിനാബീവി,സെക്രട്ടറി | 338/16-17<br>09/09/2016 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/17.10.17)മറുപടി ലഭിച്ചില്ല. ഈ തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 3-3 ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിനും,

**അത് സൂക്ഷിക്കുവാൻ അലമാരയും (പ്രോജക്ട് നം.S182/17)-അഡ്വാൻസ് നൽകിയെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചില്ല.**

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിനും, അത് സൂക്ഷിക്കുവാൻ അലമാരയും എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി ബിൽ നം.3/31-1-17 പ്രകാരം 36700 രൂപ പിൻവലിച്ച് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനു നൽകി. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 12-8-2016 ലെ കത്ത് പ്രകാരം പ്രതീക്ഷിക്കുന്ന ചെലവ് ഇൻസിനിറേറ്ററിന് 40242 രൂപയും, അലമാരയ്ക്ക് 18192 രൂപയും, പാഡ് ഒരു പാക്കറ്റിന് 33.50 രൂപയും ആണ്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് പല്ലന M K A M H S ലെ പ്രധാന അദ്ധ്യാപിക 363 പെൺകുട്ടികളുടെ ലിസ്റ്റ് 24-11-2016 ൽ സമർപ്പിച്ചതല്ലാതെ മറ്റ് പ്രവർത്തനങ്ങളൊന്നും നടത്തിയതായി കാണുന്നില്ല. പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ലാത്തതിനാൽ 36700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ടുകൾ -അധിക തുക നിർവ്വഹണ ഏജൻസിക്കു നൽകി

2016/17 വർഷം വി.ഇ.ഒ. നടപ്പാക്കിയ ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റ് എന്നീ പ്രോജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം അടച്ച് കരാർ വച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം പരിഗണിക്കാതെ നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് അധിക തുക നൽകി. വിശദ വിവരം താഴെകൊടുക്കുന്നു.

1) ഗാർഹിക ബയോഗ്യാസ് പ്ളാന്റ് (പ്രോജക്ട് നം. S193/17)

34 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന് നാളിതുവരെ 8 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം 3000രൂപ അടച്ച് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വച്ചിട്ടുള്ളത്. എന്നാൽ 8 ഗുണഭോക്താക്കൾക്ക് ആകെ വരുന്ന ചെലവായ 84000 രൂപ (8x10500 = 84000) യേക്കാൾ അധികം തുകയായ 97750രൂപ ബിൽ നം. 31/31-3-2017 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് നിർവ്വഹണ ഏജെൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് നൽകി.

2) ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റ് (പ്രോജക്ട് നം. S192/17)

157 പേർക്ക് ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന് 22 ഗുണഭോക്താക്കൾ മാത്രമാണ് 250 രൂപ ഗുണഭോക്തൃവിഹിതം അടച്ച് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വച്ചിട്ടുള്ളത്. എന്നാൽ 22 ഗുണഭോക്താക്കൾക്ക് ആകെ വരുന്ന ചെലവായ 55000 രൂപ (22x2500=55000) യേക്കാൾ അധികം തുകയായ 58875രൂപ ബിൽ നം. 32/31-3-2017പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച് നിർവ്വഹണ ഏജെൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് നൽകി.

കരാർ പ്രകാരം ആകെ ചെലവിന്റെ 20% മാത്രമാണ് നിർവ്വഹണ ഏജൻസിയ്ക്ക് മുൻകൂറായി നൽകേണ്ടത്. അതായത് ഗാർഹിക ബയോഗ്യാസ് പ്ളാന്റിന് 8 ഗുണഭോക്താക്കൾക്ക് ആകെ വരുന്ന ചെലവായ 84000 രൂപയുടെ 20% ആയ 16800 രൂപയും, റിംഗ് കമ്പോസ്റ്റ് യൂണിറ്റിന് 22 ഗുണഭോക്താക്കൾക്ക് ആകെ വരുന്ന ചെലവായ 55000 രൂപയുടെ 20% ആയ 11000രൂപയും മാത്രമാണ് നിർവ്വഹണ ഏജെൻസിയ്ക്ക് നൽകേണ്ടത്. എന്നാൽ ഈ പ്രോജക്ടുകൾക്ക് ഇതു പരിഗണിക്കാതെ അധികം തുക നൽകിയതിനാൽ യഥാക്രമം 80950 (97750-16800), 47875 (58875-11000)രൂപ അധികം നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം അടച്ച് കരാർ വച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം പരിഗണിക്കാതെ നിർവ്വഹണ ഏജെൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് അധിക തുക നൽകിയതിനാൽ അധികം നൽകിയ 128825 (80950+47875) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ താഴെ വിവരിക്കുന്നു.

1) നിർവ്വഹണ ഉദ്യോഗസ്ഥനും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനുമായി 23-3-2017ൽ വച്ചിട്ടുള്ള കരാറിൽ കരാറിന്റെ കാലാവധി മൂന്ന് മാസത്തേക്ക് എന്നു കാണുന്നു. കരാർ ഒപ്പിട്ട് 20% അഡ്വാൻസ് നൽകി കഴിഞ്ഞാൽ 30 ദിവസത്തിനകം നിർമ്മാണവും സ്ഥാപിക്കലും ആരംഭിക്കുമെന്ന് കരാറിൽ കാണുന്നു. എന്നാൽ

ഇതുവരെ നിർമ്മാണവും സ്ഥാപിക്കലും ആരംഭിച്ചിട്ടില്ല.

2) ബയോഗ്യാസ് പ്ലാന്റുകളുടെ ഗ്യാരണ്ടി സംബന്ധിച്ച് കരാറിൽ വ്യവസ്ഥകളില്ല.

## 3-5 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 2016-17 വർഷം കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ ആകെ 23,22,792/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | പ്രോജക്ട് നം/ പേര് | കരാർ പ്രകാരം പൂർത്തീകരണ തീയതി | നൽകിയ തുകയുടെ വിശദാംശം | അപാകതകൾ |
|---|---|---|---|---|
| കെ.എസ്.ഇ.ബി | S0154/16<br>വാർഡ് 1-ൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 25.10.17 | (137530/-)<br>135595/-<br>ബിൽ നം. 21/27.03.17<br>1935/- ചെക്ക് നം. 1073/11.04.17 | പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കരാർ തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് |
| കെ.എസ്.ഇ.ബി | S0146/17<br>വാർഡ് 9-ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 30.12.16 | 103200/-<br>ബിൽ നം. 10/22.12.16 | പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | S0149/17<br>വാർഡ് 2-ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 27.03.17 | 200000/-<br>ബിൽ നം. 28/31.03.17 | കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിക്ക ശേഷമാണ് ബിൽ തുക കൈമാറിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതം 187040 രൂപ 31.03.17-ൽ ലഭിച്ചിട്ടുണ്ടെങ്കിലും തുക കൈമാറിയിട്ടില്ല.<br>നൽകിയ തുകയുടെ കൈപ്പറ്റ് രസീത് ഇല്ല.പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | S0151/17<br>വാർഡ് 14-ൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 29.12.16 | 105000<br>14/28.02.17 | തുകയുടെ കൈപ്പറ്റ് രസീത് ഇല്ല.പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | S0205/17 | 20.03.2017 | 503465/- | കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിക്ക |

| | | | | |
|---|---|---|---|---|
| | വാർഡ് 15-ൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | | ചെക്ക് നം. 0823661/25.02.17<br>503465/-<br>(ബിൽ നം. 15/28.02.17) | ശേഷമാണ് ബിൽ തുക കൈമാറിയിട്ടുള്ളത്. 503465/- രൂപയുടെ കൈപ്പറ്റ് രസീത് മാത്രമാണുള്ളത്. പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | S0216/17 മട്ടാന ലക്ഷം വീട് പുത്തൻപുര ജംക്ഷൻ റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | - | 41132/- (ചെക്ക് നം.0823683/ 31.03.17) | കരാർ വച്ചിട്ടില്ല.പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| വാട്ടർ അതോറിറ്റി | S0212/17<br>വാർഡ് 15-ൽ കടുകചിറ മുതൽ പടിഞ്ഞാറോട്ട് പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ | മുഴവൻ തുകയും ലഭിച്ച് 6 മാസത്തിനകം | 50000/-<br>ബിൽ നം. 31/31.03.17 | തുകയുടെ കൈപ്പറ്റ് രസീത് ഇല്ല.പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| വാട്ടർ അതോറിറ്റി | S0213/17<br>വാർഡ് 5 വലിയ പറമ്പിൽ പൈപ്പ് ലൈൻ ഇന്റർകണക്ഷൻ | മുഴവൻ തുകയും ലഭിച്ച് 6 മാസത്തിനകം | 68000/-<br>ബിൽ നം. 30/31.03.2017 | കൈപ്പറ്റ് രസീത് ഇല്ല. പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| വാട്ടർ അതോറിറ്റി | S0211/17<br>വാർഡ് 15-ൽ കളപ്പുരയ്ക്കൽ മുതൽ പൂത്തറ ഭാഗം വരെ പൈപ്പ് ലൈൻ ഇന്റർകണക്ഷൻ | മുഴവൻ തുകയും ലഭിച്ച് 6 മാസത്തിനകം | 50000/-<br>ബിൽ നം. 32/31.03.17 | കൈപ്പറ്റ് രസീത് ഇല്ല. പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| വാട്ടർ അതോറിറ്റി | വാർഡ് 9-ൽ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | - | 115000/-<br>ബിൽ നം. 22/ 27.03.17 | കൈപ്പറ്റ് രസീത് ഇല്ല. പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. തയ്യാറാക്കിയ കരാറിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പിട്ടിട്ടില്ല. |
| വാട്ടർ അതോറിറ്റി | S0080/17<br>വാർഡ് 9-ലെ കുഴൽ കിണറിന് | - | 446000/-<br>29/31.03.17 | എസ്റ്റിമേറ്റ് തുകയിൽ ബാക്കി തുക 229000/- രൂപ നൽകിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | പമ്പ്, പമ്പ് ഹൗസ്, പമ്പ് ഹൗസ് വൈദ്യുതീകരണം | | | നൽകിയ തുകയുടെ കൈപ്പറ്റ് രസീത് ഇല്ല.<br>തയ്യാറാക്കിയ കരാറിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പിട്ടിട്ടില്ല. |
| | ആകെ | | 2322792/- | |

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 പൊതു മരാമത്ത് പ്രവൃത്തികൾ - ആവിഷ്കരിച്ച പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ വീഴ്ച

പൊതുമരാമത്ത് മേഖലയിൽ റോഡുകളും പാലങ്ങളും എന്ന ഉപമേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് 6000000 രൂപയാണ് ബജറ്റിൽ വകയിരുത്തിയത്. ഭരണ സമിതിയുടെ അംഗീകാരത്തോടെ 2016-17 വർഷം ആരംഭിക്കുന്നതിനായി 15 പ്രവൃത്തികളും ബജറ്റിന്റെ ആമുഖത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളൊന്നും തന്നെ 2016-17 വർഷം നടപ്പാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം പൊതുമരാമത്ത് മേഖലയിൽ ആകെ 21349684 രൂപ അടങ്കലിൽ 50 പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും 2174956 രൂപ ചെലവഴിച്ച് ആകെ 10 പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിട്ടുള്ളത്. റോഡ് സംരക്ഷണഗ്രാന്റ് 2973204 അലോട്ട്മെന്റ് രൂപ ലഭിച്ചതിൽ 665974 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (22.40%). അതുപോലെ സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഭാഗത്തിൽ 4022637 രൂപ ലഭിച്ചതിൽ 2973664 രൂപയാണ് (73.92%) വിനിയോഗിച്ചിട്ടുള്ളത്. പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റ് ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ആവശ്യമായ രേഖകളില്ലാതെ ആനുകൂല്യം നൽകി

പട്ടികജാതി വിഭാഗങ്ങൾക്കായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ ആവശ്യമായ രേഖകളില്ലാതെ ആനുകൂല്യം നൽകി.

1. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളവർ പട്ടികജാതി വികസന വകുപ്പിൽനിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.
2. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കൾ പഞ്ചായത്ത് മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യങ്ങൾ വിതരണം ചെയ്തപ്പോൾ കൈപ്പറ്റിയിട്ടില്ല എന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.
3. ഗുണഭോക്താക്കളുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യമായ കരാർ വച്ചിട്ടില്ല.
4. മുൻ വർഷങ്ങളിലേത് ഉൾപ്പെടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
5. പഠന പുരോഗതിക്കായി വിതരണം ചെയ്ത സൈക്കിൾ, ലാപ്ടോപ്പ്, മേശ, കസേര തുടങ്ങിയവ അദ്ധ്യായന വർഷം അവസാനിച്ചതിനുശേഷമാണ് വിതരണം ചെയ്തിട്ടുള്ളത്.

പ്രോജക്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുകയുടെ വിവരങ്ങൾ | കുറിപ്പ് |
|---|---|---|---|
| 1 | പട്ടിക ജാതി | ബിൽ നം. | 17 ലാപ്ടോപ്പുകൾ |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 10/31-3-17 Rs.385900 | ക്കായി അഡ്മിൻ ഇൻഫോ സൊല്യൂഷനു നൽകി |
| 2 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ | ബിൽ നം. 6/31-3-17 Rs.116750 | 23 സൈക്കിളുകൾക്കായി ദി സൈക്കിൾ &മോട്ടോർ ട്രേഡേഴ്സ് പത്തനംതിട്ടയ്ക്കു നൽകി. |
| 3 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | ബിൽ നം. 9/31-3-17 Rs.172000 | 43 എണ്ണം വീതം സ്റ്റീൽ മേശ, സ്റ്റീൽ കസേര എന്നിവയ്ക്കായി സിഡ്കോ യ്ക്ക് നൽകി. |
| 4 | വിവാഹ ധനസഹായം | ബിൽ നം. 8/31-3-17 Rs.100000 | 50000 രൂപ വീതം 2 പേർക്ക് നൽകി |

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 13.10.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 6-ന് മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 774650രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം. S0068/17

ബിൽ നം 1/16-17/20.03.17, 300000/-

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ മരുന്നുവാങ്ങൽ പദ്ധതിക്കായി 300000/-രൂപ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതി കോ ഓപ്പറേറ്റീവ് ഫാർമസിക്ക് ഹരിപ്പാട് ട്രഷറി മുഖേന 20.3.17 തീയതിയിൽ നൽകിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹോംകോ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. 3,00,000/- രൂപ നൽകിയതിൽ 1,23,900/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 176100/-രൂപയുടെ മരുന്നുകൾ നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല, മരുന്നുകൾ ലഭ്യമാകാൻ സ്വീകരിച്ച നടപടികളും അതോടൊപ്പം ഹോംകോ തുക കൈപ്പറ്റിയതിന്റെ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 2/11.10.17) ഹാജരാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 176100/- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ആയുർവ്വേദ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രൊജക്ട് നം : S0079/17

ചെലവ് : 150000

ബിൽ നം - 3/16-17/16.01.17 (100000/-)

4/16-17/15.02.17 (50,000/-)

മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പാക്കിയ ജീവിതശൈലി രോഗങ്ങൾക്ക് മരുന്ന് എന്ന പദ്ധതിക്കായി

1,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 75015/-രൂപയുടെ മരുന്നുകൾ മാത്രമാണ് ഔഷധിയിൽ നിന്നും ലഭ്യമായത്. 74985/-രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/17.10.17) മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള മറുപടി ഹാജരാക്കിയിട്ടുണ്ട്. മരുന്നുകൾ കിട്ടുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭിക്കാത്ത മരുന്നുകൾക്കായി ചെലവഴിച്ച 74985/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഫിഷറീസ് ആശുപത്രിക്ക് മരുന്നുവാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രൊജക്ട് നം : S0067/17

ബിൽ നം : 3/16-17/21.2.17

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി തൃക്കുന്നപ്പുഴ നടപ്പാക്കിയ ഫിഷറീസ് ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 1,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്, എന്നാൽ 130938/-രൂപയുടെ മരുന്നുകൾ മാത്രമാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 13)തൻ വർഷം തന്നെ മരുന്നുകൾ ലഭിക്കുന്നതാണെന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. അതിനാൽ ലഭിക്കാത്ത മരുന്നുകൾക്കായി ചെലവഴിച്ച 19062/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 കുഴൽ കിണർ നിർമ്മാണം - വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 9-ാം വാർഡിൽ കുഴൽ കിണർ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. S0187/16) 2015-16 വർഷം ഭൂജല വകുപ്പിൽ 675000 രൂപ നിക്ഷേപിച്ചിരുന്നു. ഭൂജലവകുപ്പിൽ നിന്നും ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 659550 രൂപയാണ് പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്ന 15450 രൂപ തിരികെ ഈടാക്കേണ്ടതാണ്.

ചെലവ്

ബിൽ നം.960/15-16 (ക്രമ നം.38) തീയതി, 30.03.2016 325000/-

ബിൽ നം.1007/15-16 (ക്രമ നം.39) തീയതി, 30.03.2016 350000/-

## 3-12 അഗതി-ആശ്രയ ഭവനനിർമ്മാണം

അഗതി-ആശ്രയ ഭവനനിർമ്മാണ പദ്ധതിയിൽ ചില ഭവന നിർമ്മാണങ്ങൾ സി.ഡി.എസ്സിനെ ഉൾപ്പെടുത്താതെ വി.ഇ.ഒ. നേരിട്ടും മറ്റു ഭവന നിർമ്മാണങ്ങൾ സി.ഡി.എസ്സ് പ്രത്യേകമായും നടപ്പാക്കിവരുന്നു. അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളും, അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളും സി.ഡി.എസ്. ന്റെ മേൽനോട്ടത്തിൽ പരിഹരിക്കുന്നതാണ് ഉചിതം എന്നിരിക്കേ വി.ഇ.ഒ.യുടെ മേൽനോട്ടത്തിൽ പ്രത്യേക ഭവനനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് അഭികാമ്യമല്ല.

പഞ്ചായത്തിൽ ഒന്നാം ഘട്ടത്തിൽ 42 അഗതി കുടുംബങ്ങളും, രണ്ടാം ഘട്ടത്തിൽ 81 അഗതി കുടുംബങ്ങളും ആണ് ഉള്ളത്. ഇതിൽ ഒന്നാം ഘട്ടത്തിലെ 10 കുടുംബങ്ങൾക്കും രണ്ടാം ഘട്ടത്തിലെ 41 കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് ഇല്ല എന്നാണ് സി.ഡി.എസ്. ന്റെ രേഖപ്രകാരം കാണുന്നത്.

2016/17 വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അഗതി-ആശ്രയ ഭവനനിർമ്മാണം എന്ന പ്രോജക്ടിൽ (പ്രോജക്ട് നം. S090/17) മറ്റ് ഫണ്ടുകൾ 5 ലക്ഷം രൂപ വകയിരുത്തിയതിൽ ചെക്ക് നം. 823680/29-3-2017 പ്രകാരം തനത്ഫണ്ട് 40000 രൂപ പിൻവലിച്ച് രണ്ട് ഗുണഭോക്താക്കൾക്ക് 20000 രൂപ വീതം നൽകി. ഒന്നാം ഘട്ടത്തിലെ ഗുണഭോക്താക്കളിൽ സ്ഥലമുണ്ടായിട്ടും വീട് ലഭ്യമല്ലാത്തവരുടെ പട്ടിക പഞ്ചായത്ത് കമ്മറ്റി വി.ഇ.ഒ.യ്ക്ക് നൽകിയതിൽ നിന്നാണ് മുകളിൽ പറഞ്ഞിട്ടുള്ള രണ്ട് ഗുണഭോക്താക്കളെ വി.ഇ.ഒ. തെരഞ്ഞെടുത്തിട്ടുള്ളത്. അതുപോലെ ജില്ല-ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക വിനിയോഗിച്ച് 2016/17 വർഷം 4 ഗുണഭോക്താക്കൾക്ക് സി.ഡി.എസ്. വഴി ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് സി.ഡി.എസ്. ന്റെ രേഖപ്രകാരം കാണുന്നു. സി.ഡി.എസ്. ന് പ്രത്യേക പരിഗണന നൽകി

ഭവനനിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - മാർഗ്ഗനിർദ്ദേശങ്ങളുമായി പൊരുത്തപ്പെടുന്നില്ല

ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2016/17വർഷം രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

1) പ്രോജക്റ്റ് നം. S137/17 (സ്പിൽ ഓവർ)

2) പ്രോജക്റ്റ് നം.S101/17

ഈ രണ്ട് പ്രോജക്ടുകളിലായി സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ടെങ്കിലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള സ്കോളർഷിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ക്ലാസ് | പ്രതിമാസ സ്കോളർഷിപ്പ് | വാർഷിക ബത്ത |
|---|---|---|---|
| 1 | നേഴ്സറി & 1-4 | 400 | 500 |
| 2 | 5-8 | 500 | 600 |
| 3 | 9-12 | 600 | 800 |
| 4 | ബിരുദം | 800 | 1000 |

അതുപോലെ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് 1000 രൂപ, വസ്ത്രങ്ങൾക്കുള്ള വാർഷിക ബത്ത 800രൂപ, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള വാർഷിക ബത്ത 1400 രൂപ തുടങ്ങിയ രീതിയിൽ ധനസഹായം വിതരണം ചെയ്യാവുന്നതാണ്. ഇതൊന്നും പരിഗണിക്കാതെ മുകളിൽ കാണിച്ചിട്ടുള്ള ഓരോ വിഭാഗത്തിനും ഒരു നിശ്ചിത തുക വിതരണം ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

1)പ്രോജക്റ്റ് നം. S137/17 (സ്പിൽ ഓവർ)

2015/16 ആരംഭിച്ച ഈ പ്രോജക്റ്റ് ബ്ക്ക്/ജില്ലാപഞ്ചായത്ത് വിഹിതം 119700രൂപ വീതം വകയിരുത്തി സ്പിൽ ഓവർ ആയി നടപ്പാക്കി. പ്രോജക്റ്റ് നടത്തിപ്പിനായി ബ്ളോക്ക് വിഹിതം 119700രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നൽകുകയും (ചെക്ക് നം.933199/30-12-16) ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഈ തുക താഴെ പറയും പ്രകാരം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

| വിദ്യാർത്ഥികളുടെ എണ്ണം | നൽകിയ തുക | ആകെ |
|---|---|---|
| 6 | 1200 | 7200 |
| 5 | 1500 | 7500 |
| 5 | 1800 | 9000 |
| 6 | 2400 | 14400 |
| 32 | 2550 | 81600 |

2015/16 വർഷത്തെ പ്രോജക്ടുപ്രകാരം ആനുകൂല്യം ലഭിച്ചവർക്കു തന്നെയാണോ ഈ തുക വിതരണം ചെയ്തിട്ടുള്ളതെന്നും, എന്തു മാനദണ്ഡപ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളതെന്നും വിശദീകരിച്ചിട്ടില്ല.

2) പ്രോജക്റ്റ് നം.S101/17

വികസന ഫണ്ട് 250000 രൂപയും ബ്ളോക്ക്/ജില്ലാപഞ്ചായത്ത് വിഹിതം 125000 രൂപ വീതവും വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിലും വികസന ഫണ്ട് 250000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബിൽ നം. 5/13-3-17 പ്രകാരം വികസന ഫണ്ട് 250000 രൂപ പിൻവലിച്ച് താഴെപറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| ക്ളാസ് | വിദ്യാർത്ഥികളുടെ എണ്ണം | നൽകിയ തുക | ആകെ |
|---|---|---|---|
| നേഴ്സറി & 1-4 | 7 | 2200 | 15400 |
| 5-8 | 8 | 2650 | 21200 |
| 9-12 | 8 | 3300 | 26400 |
| ബിരുദം | 5 | 4400 | 22000 |
| മാനസിക വെല്ലുവിളി നേരിടുന്നവർ | 30 | 5500 | 165000 |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 17.10.2017-ൽ നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ വിശദീകരണം ലഭിച്ചില്ല. എന്ത് അടിസ്ഥാനത്തിലാണ് മുകളിൽ പറഞ്ഞരീതിയിൽ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടില്ല. സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക്, പ്രത്യേകിച്ച് മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആനുകൂല്യം നൽകുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

## 3-14 ഘടകസ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം - മണ്ണ് പരിശോധനയ്ക്ക് ശേഷം പ്രവൃത്തി ആരംഭിച്ചിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഘടകസ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം (S0207/17) എന്ന പ്രോജക്ടിനായി ലോകബാങ്ക് ധനസഹായത്തിൽ നിന്നും 4458150 രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കുന്നതിന് മുന്നോടിയായി മണ്ണ് പരിശോധന നടത്തുന്നതിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് 83663 രൂപ (ബിൽ നം. 4/16-17/23.03.2017) മുൻകൂറായി നൽകിയിട്ടുണ്ട്. മണ്ണ് പരിശോധനയ്ക്കുള്ള ആകെ ചെലവ് 124775 കണക്കാക്കി ബാലൻസ് തുക 41112 രൂപ കൂടി 26.05.2017-ൽ കോളേജ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക നൽകിയിട്ടുണ്ടോയെന്നും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക നൽകിയിട്ടില്ലെന്നാണ് മറുപടി നൽകിയിട്ടുള്ളത്. കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

ഗ്രാമ പഞ്ചായത്തിന്റെ 2016-17 – ലെ വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവ് ചെലവ് കണക്കിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 6912238.13 |
| വരവ് | 49260246 |
| ആകെ | 56172484.13 |

| | |
|---|---|
| ചെലവ് | 41026663 |
| നീക്കിയിരുപ്പ് | 15145821.13 |

നീക്കിയിരുപ്പ് തുക പാസ്സ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

അപാകതകൾ

1) സി എഫ് സി ഗ്രാന്റിന്റെ 2016-17 ലെ I6 ഷെഡ്യൂളിലെ വരവും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഉൾപ്പെടെ 3142480/- രൂപയാണ്. എന്നാൽ 4032145/-രൂപയാണ് വാർഷികകണക്കിൽ RP 31 ൽ കാണിച്ചിരിക്കുന്നത്.
2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I1 പ്രകാരം സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് യഥാക്രമം 130410/-രൂപയും 707470/-രൂപയുമാണ്. RP 43 പ്രകാരം സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി കളക്ഷൻ 127410രൂപയും RP1 പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ 679570രൂപയുമാണ്. ബാലൻസ് 30900രൂപ (3000+27900) ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

3) ഡി ആന്റ് ഓ ലൈസൻസിന്റെ ഡിസിബി പ്രകാരം വരവ് 27850/-രൂപയാണ്, എന്നാൽ വാർഷികകണക്കിൽ RP 43, പ്രകാരം വരവ് 28950/-രൂപയാണ്. ഡി ആന്റ് ഓ ലൈസൻസ് കുടിശ്ശിക ഇനത്തിൽ 5950/-രൂപ വാർഷികകണക്കിൽ RP 43 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുടിശ്ശിക ഡിസിബി തയ്യാറാക്കിയിട്ടില്ല.

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായ - വ്യയങ്ങളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആദായം | 171491666 |
| വ്യയം | 169194766 |
| സർപ്ലസ് | 2296900 |
| പ്രയർ പിരീഡ് ഐറ്റം | 100495 |
| പ്രയർ പിരീഡ് ഐറ്റം ന് ശേഷം സർപ്ലസ് | 2397395 |

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റ് പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ

1) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റ് ഷെഡ്യൂൾ I-1 പ്രകാരം തൻവർഷത്തെ തൊഴിൽ നികുതിയുടെ ഡിമാന്റ് 837880/-രൂപയാണ് എന്നാൽ വാർഷികകണക്കിൽ RP 43, RP 1 പ്രകാരം തൊഴിൽ നികുതി വരവ് 806980/- രൂപയാണ്. കുടിശ്ശിക തുക 30900/- രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-4 (b) പ്രകാരം തൻവർഷത്തെ ഡി ആന്റ് ഓ ലൈസൻസിന്റെ ഡിമാന്റ് 29550/-രൂപയാണ് എന്നാൽ വാർഷികകണക്കിൽ RP 43, പ്രകാരം ഡി ആന്റ് ഓ ലൈസൻസിന്റെ വരവ് 28950/- രൂപയാണ്. കുടിശ്ശിക തുക 600/- രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ എം.ഐ.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 110296000/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് I-6 പ്രകാരം 110149459/- രൂപയാണ്.

3) ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.3.17 ലെ സാമ്പത്തിക നില

| | |
|---|---|
| ആകെ ആസ്തി | 42641290.13 |
| റിസർവ്വും ഇയർമാർക്ക്ഡ് ഫണ്ടും ഉൾപ്പെടെ ആകെ ബാദ്ധ്യത | 3774666.18 |

| | |
|---|---|
| പഞ്ചായത്ത് ഫണ്ട് | 4894628.33 |

അപാകതകൾ

(1) വസ്തു നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സഞ്ചയപ്രകാരം | സാംഖ്യപ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 1891756 | 1964593 | 72837 |
| കളക്ഷൻ | 191882 | 1096137 | 904255 |
| ബാലൻസ് | 1667549 | 868456 | 799093 |

മേൽ സൂചിപ്പിച്ച വിധം സഞ്ചയ പ്രകാരം വസ്തു നികുതി ബാലൻസ് വരേണ്ട തുക 1699874/-രൂപയാണ്. എന്നാൽ ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ ആയത് 1667549/- രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(2) വസ്തു നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള അരിയർ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സഞ്ചയപ്രകാരം | സാംഖ്യപ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 3785963 | 1009165 | 2776798 |
| കളക്ഷൻ | 139761 | 846937 | 707176 |
| ബാലൻസ് | 3684519 | 162229 | 3522290 |

മേൽ സൂചിപ്പിച്ച വിധം സഞ്ചയ പ്രകാരം വസ്തു നികുതി അരിയർ ബാലൻസ് വരേണ്ട തുക 3646202 രൂപയാണ്. എന്നാൽ ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ ആയത് 3684519 രൂപയെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്.

(3) ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.

4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 690505 | വാർഡ് 15-ൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | - | 690505 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 175000 | പാലിന് സബ്സിഡി | 50000 | 125000 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വാർഡ് 9-ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21600601 | 103200 | - | 103200 |
| കെ.എസ്.ഇ.ബി | വാർഡ് 2-ൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21600496 | 200000 | - | 200000 |
| കെ.എസ്.ഇ.ബി | വാർഡ് 14-ൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21600702 | 105000 | - | 105000 |
| കെ.എസ്.ഇ.ബി | വാർഡ് 15-ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21600703 | 503465 | - | 503465 |
| കെ.എസ്.ഇ.ബി | വാർഡ് 14-ൽ മട്ടാന ലക്ഷംവീട് പുത്തൻപുര ജംക്ഷൻ റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21600887 | 41132 | - | 41132 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കെ.എസ്.ഇ.ബി | വാർഡ് 1 – ൽ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21600774 21700025 | 137530 | – | 137530 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 9 – ൽ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 21600771 | 115000 | – | 115000 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 15-ൽ കളപ്പുരയ്ക്കൽ മുതൽ പൂത്തറ ഭാഗം വരെ പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ | 21600820 | 50000 | – | 50000 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 5-ൽ കടുകചിറ മുതൽ പടിഞ്ഞാറോട്ട് പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ | 21600822 | 50000 | – | 50000 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 5 വലിയ പറമ്പിൽ പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ | 21600821 | 68000 | – | 68000 |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 9 – ലെ കുഴൽ കിണറിന് പമ്പ്, പമ്പ് ഹൗസ്, | 21600818 | 446000 | | 446000 |

| | | | | | | |
|---|---|---|---|---|---|---|
| | പമ്പ് ഹൗസ് വൈദ്യുതീകരണം | | | | | |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 960/2010<br>20.03.2010 | 13039500 | 5176300 | 1303950 | - | 3872350 | - |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഇല്ല

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-3 | 2004-05 | | സമഗ്ര തെങ്ങുകൃഷി വികസന പദ്ധതി ആനുകൂല്യം അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നൽകിയില്ല. | തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി 24-ാം നമ്പർ റിപ്പോർട്ട് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2011-12 | 3-5 | 2015-16 | 3-76 | കുമാരകോടി ഹരിജൻ വ്യവസായ കേന്ദ്രം നിർജ്ജീവമാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 21.06.2017- ൽ സെക്രട്ടറിയേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന നിയമ സഭ ഉപസമിതി യോഗത്തിൽ മറുപടി സമർപ്പിച്ചു. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 56172484 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 41026663 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 12934 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3533114 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-3ബി | 3750<br>5000 | | എം.മണിക്കുട്ടൻ,<br>അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്)<br>ജെ.എസ്.സന്തോഷ്കുമാർ,<br>സെക്രട്ടറി |

| | | | |
|---|---|---|---|
| 2-5 | 4184 | | സബിത.എസ്.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 9000 | എ.ആമിനാബീവി,<br>സെക്രട്ടറി |
| ആകെ | 12934 | 9000 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 36700 | റോസ്‌ലിൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-4 | 128825 | അബ്ദുൾ അഫാർ, വി.ഇ.ഒ, തൃക്കുന്നപ്പുഴ |
| 3-5 | 2219592<br>103200 | ജെ.എസ്.സന്തോഷ് കുമാർ, സെക്രട്ടറി<br>എം.മണിക്കുട്ടൻ, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) |
| 3-7 | 774650 | എം. മണിക്കുട്ടൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 176100 | ഡോ.മനു.എ.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-9 | 74985 | ഡോ.അനിത വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ,<br>ആയുർവേദം |
| 3-10 | 19062 | ഡോ. ശ്രീകല.കെ.ആർ, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| ആകെ | 3533114 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ. ആമിനാബീവി,<br>സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ച | മിഥിൻ കോട്ടേജ്, കൃഷ്ണപുരം. പി.ഒ, കായംകുളം |
| ജെ.എസ്.സന്തോഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, നിരണം ഗ്രാമ പഞ്ചായത്ത് | ശ്രേയസ്, ആർ.ആർ.എ-48, മുക്കോലയ്ക്കൽ.പി.ഒ, അമ്പലമുക്ക്, തിരുവനന്തപുരം-43 |
| എം. മണിക്കുട്ടൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് | നെടിയാത്ത്, തറയിൽകടവ്, വലിയഴീക്കൽ പി.ഒ |
| സബിത. എസ്.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചവറ ഗ്രാമ പഞ്ചായത്ത് | പുന്നപുറത്ത്, ചേമക്കാട് പി.ഒ, പെരിനാട് |
| റോസ് ലിൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | നേര്യംപറമ്പിൽ, മലകുന്നം പി.ഒ, ചങ്ങനാശ്ശേരി |
| അബ്ദുൾ അഫാർ, വി.ഇ.ഒ, തൃക്കുന്നപ്പുഴ | വി.ഇ.ഒ, തൃക്കുന്നപ്പുഴ | പടിഞ്ഞാറേ തറയിൽ,കൊറ്റുകുളങ്ങര,<br>കായംകുളം പി.ഒ |

| | | |
|---|---|---|
| ഡോ. മനു. എ.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, ആറാട്ടുപുഴ | കിഴക്കേയറ്റത്ത്, തോട്ടപ്പള്ളി പി.ഒ, ആലപ്പുഴ |
| ഡോ. അനിത വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി, തൃക്കുന്നപ്പുഴ | റൈസൺ വില്ല, വെട്ടുവേനി, ഹരിപ്പാട് |
| ഡോ. ശ്രീകല.കെ.ആർ, മെഡിക്കൽ ഓഫീസർ, അലോപ്പതി | മെഡിക്കൽ ഓഫീസർ, ഫിഷറീസ് ഹോസ്പിറ്റൽ, തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് | ചള്ളിയിൽ, പുന്നപ്ര പി.ഒ, ആലപ്പുഴ |

4-10.തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 1999-2000 | എൽ.എഫ്.ജി.എ5-1832/11തീയതി 31.01.12 |
| 2000-01 | എൽ.എഫ്.എ.12-256/05/18.05.05 |
| 2001-02 | എൽ.എഫ്.എ.12-912/06/10.11.06 |
| 2002-03 | എൽ.എഫ്.എ.12 -1667/07/28.07.08 |
| 2003-04 | എൽ.എഫ്.എ.12-1245/09/12.03.09/18.04.09 |

| | |
|---|---|
| 2004-05 | എൽ.എഫ്.എ.പി3-178(1)/12/05.10.12/12.10.12 |
| 2005-06 | എൽ.എഫ്.എ.പി3-178(2)/12/05.10.12/12.10.12 |
| 2006-07 | എൽ.എഫ്.എ.പി3-178(3)/12/09.11.12 |
| 2007-08 | എൽ.എഫ്.എ.പി3-178(4)/12/14.03.13 |
| 2008-09 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13/15.05. |
| 2010-11<br>2011-12 | എൽ.എഫ്.എ.പി3-739/13/02.01.14/07.02.14 |
| 2012-13 | എൽ.എഫ്.എ.പി3-131/15തീയതി 21.03.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി3-217/2016തീയതി.15.03.16/ 26.03.16 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി3-834/16/30.07.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി3-1311/16/21.11.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

കെ.എസ്.എ-എ.എൽ.പി/പി3-1323/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഫോൺ-0477-2252753,

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി, 07.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

KSA-ALP/P3-1323/2017

Kerala State Audit Department,

District Audit Affice, Alappuzha.

Ph : 0477-2252753

E-mail : ddhglfalpy@gmail.com

Date: 07.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thrikkunnapuzha Grama Panchayat in Alappuzha district for the year ended on 31.03.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Thrikkunnapuzha Grama Panchayat for the year 2016-17 except the observations in Para 4-1 of my Audit Report properly presents the picture of income and expenditure.

.

.

Deputy Director,

Kerala State Audit Department,

Alappuzha